# ഹൈടെക് സ്മാർട്ട് പവർ ബാങ്ക് വിപണിയിൽ

മുംബൈ: ഇലക്ട്രോണിക്സ് അനുബന്ധ ഉപകരണങ്ങളുടെ നിർമ്മാണ രംഗത്തെ പ്രമുഖ കമ്പനിയായ കാണ്ടം ഹൈടെക് ക്യു എച്ച് എം പി എൽ പുതിയ സ്മാർട്ട് പവർ ബാങ്ക് വിപണിയിലിറക്കി.7800 എം എഎച്ച് ലിത്തിയം ബാറ്ററിയുള്ളതാണ് ഈ പവർബാങ്ക്. ഉയർന്ന ബാറ്ററി ശേഷിയുള്ളതിനാൽ 300മുതൽ 500 തവണ വരെ വിവിധ ഉപകരണങ്ങൾ ഈ പവർ ബാങ്ക് ഉപയോഗിച്ച് ചാർജ്ജ് ചെയ്യാൻ കഴിയുമെന്ന് കമ്പനി അവകാശപ്പെട്ടു. സ്മാർട്ട്ഫോൺ, ടാബ്ലറ്റ്, എം പി ത്രി തുടങ്ങിയവയെല്ലാം ചാർജ്ജ് ചെയ്യാൻ കഴിയുന്ന ഈ പവർ ബാങ്കിന്റെ വില 1490 രൂപയാണ്. ഇലക്ട്രോണിക്സ് ഉപകരണ രംഗത്ത് നിലവിലുള്ള ഉപകരണങ്ങൾക്കാവശ്യമായ ഊർജ്ജത്തിന്റെ ഉപഭോഗശേഷി കണക്കിലെടുത്ത് ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് ഇത്തരമൊരു പവർ ബാങ്ക് വിപണിയിലെത്തിച്ചിരിക്കുന്നത്. വേഗത്തിൽ ചാർജ്ജ് ചെയ്യാൻ കഴിയുന്നതു അതുപോലെ ദീർഘകാലം നിലനില്ക്കുന്ന ബാറ്ററിയുമാണ് ഈ പവർ ബാങ്കിന്റെ സവിശേഷതയെന്ന് കാണ്ടം ഹൈടെക് ഡയറക്ടർ അഷിഷ് മുത്തെൻജ ചൂണ്ടിക്കാട്ടി.

